നിലനിൽപ്പിനായി സാങ്ച്വറികൾ സംരക്ഷിക്കുക, ജൈവ സമ്പത്ത് കാത്തുസൂക്ഷിക്കുക, ജൈവ സമ്പത്തിന്റെ ശോഷണം തടയുക എന്നീ വിഷയങ്ങളെ സംബന്ധിച്ച് ക്ലാസ്സുകൾ വനം വകുപ്പിനകത്തും പുറത്തുമുള്ള വിദഗ്ദ്ധരായ വ്യക്തികളെ ഉൾക്കൊള്ളിച്ച് നടത്തിവരുന്നു. കൂടാതെ ക്ലാസ്സുകൾ കൂടുതൽ വിശദമാക്കുന്നതിനും എളുപ്പത്തിൽ മനസ്സിലാക്കുന്നതിനുംവേണ്ടി ഫിലിം ഷോ, ഡോക്യുമെന്ററി ഷോ എന്നിവ സംഘടിപ്പിക്കുകയും ബ്രോഷറുകൾ, പോസ്റ്ററുകൾ, സ്റ്റിക്കറുകൾ എന്നിവ വിദ്യാർത്ഥികൾക്ക് പ്രകൃതി പഠന ക്യാമ്പുകളിൽ വിതരണം ചെയ്യുന്നുമുണ്ട്. പ്രകൃതി പഠന ക്യാമ്പിന്റെ ഭാഗമായി വനാന്തര ഭാഗങ്ങളിലേയ്ക്ക് ട്രക്കിങ് നടത്തുന്നുണ്ട്.

(ബി) ഉണ്ട്. വനം വകുപ്പിലെ ഫോറസ്റ്റ് ഇൻഫർമേഷൻ ബ്യൂറോയുടെ നേതൃത്വത്തിൽ വിവിധ സ്കൂളുകളിലുള്ള ഫോറസ്റ്റ് ക്ലബ്ബുകളുമായി ചേർന്ന് പ്രകൃതി പഠന ക്ലാസ്സുകൾ സ്ലൈഡ് ഷോ, എക്സിബിഷൻ മുതലായവ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ വനം വകുപ്പിനു കീഴിലുള്ള സാമൂഹിക വനവൽക്കരണ വിഭാഗം വനവൽക്കരണത്തിന്റേയും മരങ്ങൾ നട്ടു വളർത്തുന്നതിന്റേയും പ്രാധാന്യത്തെക്കുറിച്ച് ക്ലാസ്സുകളും സ്ലൈഡ് ഷോകളും നടത്തുന്നുണ്ട്. വനം വകുപ്പിന്റെ സാമൂഹിക വനവൽക്കരണ വിഭാഗം നടപ്പിലാക്കിയ എന്റെ മരം, നമ്മുടെ മരം തുടങ്ങിയ പദ്ധതികൾ മരങ്ങൾ സംരക്ഷിക്കേണ്ടതിന്റേയും നട്ടു വളർത്തുന്നതിന്റേയും ആവശ്യകത വിദ്യാർത്ഥികളെ ബോധ്യപ്പെടുത്തുന്നതിന് വളരെയേറെ സഹായിച്ചിട്ടുണ്ട്.

ലാബിഷാസ് എന്ന സ്ഥാപനത്തിന്റെ പ്രവർത്തനോദ്ദേശ്യങ്ങൾ

118 (4470) ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് "ലാബിഷാസ്" എന്ന സ്ഥാപനം എന്നാണ് നിലവിൽ വന്നത് ; ഇതിന്റെ പ്രവർത്തനം തുടങ്ങിയോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) പ്രസ്തുത സ്ഥാപനം നിലവിൽ വന്നതിനുശേഷം ആകെ എത്ര തുക ഇതിന്റെ പ്രവർത്തനങ്ങൾക്കായി നീക്കിവെച്ചു ; എത്ര തുക ചെലവഴിച്ചു ; വ്യക്തമാക്കുമോ ;

(ഡി) വനം വകുപ്പിന്റെ അധീനതയിലുള്ള ഭൂമി ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തിനുവേണ്ടി വിട്ടു നൽകിയിരുന്നോ ; എങ്കിൽ എത്ര വിസ്തൃതി ഭൂമി ; എവിടെയാണ് നൽകിയത് ; വിശദാംശങ്ങൾ നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 9-9-2009 ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 45/2009/Hsg. പ്രകാരം നിർമ്മിതി കേന്ദ്രത്തിനു കീഴിൽ പ്രവർത്തിച്ചുവന്ന പരിശീലന വിഭാഗമായ ലാറി ബേക്കർ നിർമ്മിതി ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനെ (LBNTRI) ലാറി ബേക്കർ ഇന്റർ നാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസ് (LaBISHaS) ആയി പുനർ നാമകരണം ചെയ്തിട്ടുണ്ട്. ഈ സ്ഥാപനത്തിനെ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. ഇതിന്റെ പ്രവർത്തനം താൽക്കാലികമായി PTP നഗറിലുള്ള കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കെട്ടിടത്തിൽ ആരംഭിച്ചിട്ടുണ്ട്. നിർമ്മിതി കേന്ദ്രത്തിലെ എൻജിനീയർമാർക്കുള്ള പരിശീലനവും എൻജിനീയർ/ആർക്കിടെക്ചർമാർ എന്നിവർക്ക് ചെലവുകുറഞ്ഞതും പരിസ്ഥിതി സൗഹാർദ്ദപരവുമായ നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയിൽ ഹൃസ്വകാല പരിശീലനവും ആരംഭിച്ചിട്ടുണ്ട്. ഈ സ്ഥാപനത്തിന് അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു ക്യാമ്പസ് സ്ഥാപിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിൽ ആവശ്യമായ സ്ഥലം ലഭ്യമാക്കുവാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) മൂന്നാം ലോക രാജ്യങ്ങളിലെ ഭവന നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്ന എൻജിനീയർമാർക്കും, ആർക്കിടെക്ചർമാർക്കും തൊഴിലാളികൾക്കും ചെലവു കുറഞ്ഞതും പരിസ്ഥിതി സൗഹാർദ്ദപരവുമായ കെട്ടിട നിർമ്മാണ രീതിയിൽ പരിശീലനം നൽകുക, ഇതിനാവശ്യമായ സാങ്കേതിക വിദ്യ, കെട്ടിട നിർമ്മാണ സാമഗ്രികൾ തുടങ്ങിയവ വികസിപ്പിച്ചെടുക്കുന്നതിനുള്ള ഗവേഷണ പ്രവർത്തനങ്ങൾ നടത്തുക എന്നിവയാണ് LABISHAS -ന്റെ പ്രവർത്തന ഉദ്ദേശ്യങ്ങൾ.

(സി) 2009-10-ലെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി വിവിധ പ്രവർത്തനങ്ങൾക്കായി 143 ലക്ഷം രൂപയ്ക്കാണ് ഭരണാനുമതി നൽകിയത്. ഈ തുക അടിസ്ഥാനസൗകര്യ വികസനത്തിനും, ട്രെയിനിംഗുകൾക്കും മണലിന്റെ ഉപയോഗം കുറഞ്ഞ കെട്ടിട നിർമ്മാണ രീതി ഉപയോഗിച്ചുള്ള മാതൃകാ ഭവനങ്ങളുടെ നിർമ്മാണരീതി വികസിപ്പിക്കൽ എന്നീ ആവശ്യങ്ങൾക്കായി വിനിയോഗിച്ചു. 2010-11-ൽ 150 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്. ആയതിനു ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഇല്ല.

വനസംരക്ഷണം ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ച നടപടികൾ

119 (4471) ശ്രീ എം. ഹംസ: താഴെ കാണുന്ന ചോദ്യത്തിന് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാട്ട വ്യവസ്ഥകൾ ലംഘിച്ചത് കാരണം ഏതെങ്കിലും വനഭൂമി ഏറ്റെടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ?